"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല – വാണിമേൽ ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-4 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1309/2023/LSGD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 26.08.2022 ലെ പി എ എൻ/12172/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08.02.2023 ലെ ഡി.കെ.എസ്.എ 4263/പി.റ്റി2/2022 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധർക്കും രോഗികൾക്കും കണ്ണട വിതരണം (പ്രോജക്ട് നം. 58/09-10) എന്ന പദ്ധതിയ്ക്ക് ചെലവായ 1,23,120/- രൂപ പരാമർശയിനം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം, സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് സബ്സിഡി നൽകുമ്പോൾ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടെന്നും എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ ആയത് നടപ്പാക്കിയത് മാപ്പാക്കണമെന്നും പഞ്ചായത്തിലെ വൃദ്ധർ, രോഗികൾ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് കണ്ണട അനുവദിച്ചതെന്നും, ഗുണഭോക്താക്കൾക്ക് ടി സഹായം വളരെയധികം ഉപയോഗപ്പെട്ടിട്ടുണ്ടെന്ന് ഭരണസമിതിക്ക് ഉത്തമബോധ്യം വന്നിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതെന്നും കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പരാമർശ വിഷയം വിശദമായി ചർച്ച ചെയ്യുവെന്നും തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽ കണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യാമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തര പരാമർശത്തിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 ലെ

പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തര പരാമർശത്തിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം തടസ്സപ്പെടുത്തിയ 1,23,120/-- രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി ഒരുനൂറ്റി ഇരുപത് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വാണിമേൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/158/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ